## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4946 23.03.2018-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന് സമയബന്ധിതമായി സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ ആദിവാസി സമൂഹത്തിന് നടപ്പിലാക്കിയ പദ്ധതികൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരാതിരുന്നത് അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ടാണെന്ന് വിലയിരുത്തുന്നുണ്ടോ; | എ) | ആദിവാസി സമൂഹത്തിനു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ അർഹതപ്പെട്ടവരിൽ തന്നെയാണ് എത്തിച്ചേരുന്നത്. വിദ്യാഭ്യാസ, സാമ്പത്തിക, ആരോഗ്യ മേഖലകളിൽ ഉണ്ടായ നേട്ടം ഇതിനുള്ള ഉത്തമ ദൃഷ്ടാന്തമാണ്. |
| ബി) | വിവിധ വകുപ്പുകൾ അട്ടപ്പാടിയിലെ പട്ടികവർഗ്ഗങ്ങൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; | ബി) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗങ്ങൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിൽ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| സി) | ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുന്നതിലൂടെ ആദിവാസി സമൂഹത്തിന് സമയബന്ധിതമായി സഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതുവരെ ഗ്രാമ വികസന വകുപ്പിലെ ഉദ്യോഗസ്ഥനാണ് അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിന്റെ അധിക ചുമതല വഹിച്ചിരുന്നത്. എന്നാൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തസ്തിക സൃഷ്ടിക്കുക വഴി ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിലൂടെ ആദിവാസി സമൂഹത്തിന് സമയബന്ധിതമായി സഹായം നൽകാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ